LIBRARY ARCHIVES Kerala Legislative Assembly

പോലീസ് സ്റ്റേഷനുകളിൽ നടപ്പിലാക്കിയ പരിഷ്ക്കാരങ്ങൾ

132 (7695) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ആഭ്യന്തര വകുപ്പിന്റെ ഔദ്യോഗിക പ്രസിദ്ധീകരണമായ "ക്രൈം-ഇൻ-ഇൻഡ്യ" പ്രകാരം സംസ്ഥാനത്ത് ക്രൈം കേസുകൾ 2001-നെ അപേക്ഷിച്ച് 2012-ൽ 277.48 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതിന് അനുസൃതമായി സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ ഈ സർക്കാർ അധികാരമേറ്റതിനുശേഷം നടപ്പിലാക്കിയ പരിഷ്ക്കാരങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേസുകളുടെ അന്വേഷണം വേഗത്തിലാക്കുന്നതിനായി ക്രൈം, ക്രമസമാധന പാലനം എന്നിങ്ങനെ സേനയെ തരം തിരിക്കുന്നതിനായുള്ള നടപടികളും ലഘുവായ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിന് സിവിൽ പോലീസ് ഓഫീസർ തലത്തിലുള്ള ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയും മറ്റും പരിഷ്ക്കരണ നടപടികൾ സ്വീകരിച്ചുവരുന്നു.

നിർഭയ കേരളം പദ്ധതി

133 (7696) ശ്രീ. എ. എ. അസീസ് :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്ത്രീകൾ യാത്രാ വേളകളിൽ സുരക്ഷിതരല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) "നിർഭയ കേരളം" പദ്ധതിയിൽ യാത്രക്കാരായ സ്ത്രീകൾക്ക് ഒരുക്കിയിരിക്കുന്ന സുരക്ഷയും പരിരക്ഷയും വ്യക്തമാക്കുമോ ;

(സി) ലൈംഗിക കുറ്റകൃത്യങ്ങൾക്കെതിരെ എന്തൊക്കെ പ്രവർത്തനങ്ങളാണ് "നിർഭയ കേരളം" പദ്ധതി വിഭാവനം ചെയ്യുന്നത് ?

ഉത്തരം

(എ) ഇല്ല.

(ബി) സ്ത്രീകൾക്ക് ഭയരഹിതമായും സുരക്ഷിതമായും യാത്ര ചെയ്യുന്നതിന് ആവശ്യമായ എല്ലാ സുരക്ഷയും ഏർപ്പെടുത്തുവാനുള്ള നടപടി സ്വീകരിക്കുകയും ഈ പദ്ധതി എല്ലാ ജില്ലയിലും പ്രയോഗത്തിൽ വരുത്തുവാനുള്ള ഏജൻസിയായി റോഡ് ട്രാൻസ്പോർട്ടേഷൻ അതോറിറ്റിയെ (RTA) നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ലൈംഗികാതിക്രമമെന്ന വിപത്തിനെതിരെ സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കുംവേണ്ടി ബൃഹത്തായ ബോധവൽക്കരണ യജ്ഞം ഈ പദ്ധതിയുടെ ഭാഗമായി നടത്തുന്നതാണ്. ഇതിന്റെ പ്രധാന കാരണങ്ങളായ ലിംഗ വിവേചനം, ഗാർഹിക പീഡനം, മദ്യപാനം, ഉപഭോഗാസക്തി മുതലായവയ്ക്കെതിരെ സാമൂഹികാവബോധം സൃഷ്ടിക്കുകയും കുറ്റകൃത്യങ്ങൾ തടയുവാനുള്ള പ്രതിരോധപ്രവർത്തനങ്ങൾ നടത്തുന്നതുമാണ്.

സ്ത്രീ സുരക്ഷയും വനിതാ പോലീസ് ശാക്തീകരണവും

134 (7697) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. പാലോട് രവി :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ത്രീ സുരക്ഷയും വനിതാ പോലീസ് ശാക്തീകരണവും സംബന്ധിച്ച് കേരളാ പോലീസ് ദേശീയ സെമിനാർ സംഘടിപ്പിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എന്തെല്ലാം വിഷയങ്ങളാണ് സെമിനാറിൽ ചർച്ചയ്ക്ക് വന്നത് ; വിശദമാക്കുമോ ;

(ഡി) എന്തെല്ലാം തുടർനടപടികളാണ് ഇതിന്റെ ഭാഗമായി സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) 2014 ജനുവരി 17,18 തീയതികളിൽ തിരുവനന്തപുരം മസ്ക്കറ്റ് ഹോട്ടലിൽ വച്ച് ദേശീയ സെമിനാർ സംഘടിപ്പിച്ചിരുന്നു. സംസ്ഥാന പ്ലാൻ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിവരുന്ന 'ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം ഓൺ ജെൻഡർ അവയർനസ്' എന്ന സ്കീമിന്റെ ഭാഗമായാണ് പ്രസ്തുത സെമിനാർ സംഘടിപ്പിച്ചത്. പ്രസ്തുത സെമിനാറിൽ 16 സംസ്ഥാനങ്ങളിൽ നിന്നായി 52 വനിതാ പോലീസ് ഉദ്യോഗസ്ഥരും കേരളത്തിൽ നിന്ന് 113 വനിതാ പോലീസ് ഉദ്യോഗസ്ഥരും പങ്കെടുത്തിരുന്നു.

(ബി) സ്ത്രീകൾക്കെതിരെ കുറ്റകൃത്യങ്ങൾ തടയുന്നതിന് വനിതാ പോലീസിനെ ശക്തിപ്പെടുത്തുക, സ്ത്രീകളോടുള്ള അതിക്രമങ്ങൾക്കെതിരെ പോലീസ് ഉദ്യോഗസ്ഥർ, സാമൂഹ്യപ്രവർത്തകർ, മാധ്യമങ്ങൾ തുടങ്ങിയവർ ഉണർന്ന് പ്രവർത്തിക്കുക എന്നീ ഉദ്ദേശ്യലക്ഷ്യത്തോടെയാണ് പ്രസ്തുത സെമിനാർ സംഘടിപ്പിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly